LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടുകളിൽനിന്ന് വ്യാജമായി പണം പിൻവലിക്കൽ

132 (138) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരണപ്പെട്ടവരുടേയുൾപ്പെടെ പെൻഷൻ അക്കൗണ്ടുകളിൽ നിന്ന് തുടർച്ചയായി പണം പിൻവലിച്ചുകൊണ്ടിരുന്ന സംഭവം കൊടുങ്ങല്ലൂർ സബ്ബ് ട്രഷറിയിലുണ്ടാവുകയുണ്ടായോ ;

(ബി) ഈക്കാര്യത്തിൽ ഏത് നിലയിലുള്ള അന്വേഷണമാണ് നടക്കുന്നത്; കുറ്റക്കാരായവർ ആരൊക്കെ ; എത്ര തവണകളായി എത്ര തുക അനധികൃതമായി പിൻവലിക്കപ്പെട്ടു ;

(സി) തട്ടിപ്പുനടത്തിയവർ ആരെങ്കിലും ഇപ്പോൾ സർവ്വീസിലുണ്ടോ ; അവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) ട്രഷറികളിൽനിന്ന് യഥാർത്ഥ അക്കൗണ്ട് ഉടമകൾ അറിയാതെയും മരിച്ചവരുടെ പേരിലും തുക പിൻവലിക്കുന്നില്ലെന്ന് സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയത്തിൽ ട്രഷറി ഡയറക്ടർ വിശദമായ അന്വേഷണം നടത്തുന്നുണ്ട്. കൂടാതെ ഇതുസംബന്ധിച്ച അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എൻക്വയറിയുടെ റിപ്പോർട്ട് ലഭ്യമായാലേ കുറ്റക്കാരായവർ ആരൊക്കെയാണെന്ന് കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ. പ്രാഥമിക അന്വേഷണത്തിൽ 403 പ്രാവശ്യമായി 59,46,000 (അൻപത്തി ഒൻപതുലക്ഷത്തി നാൽപ്പത്തിയാറായിരം രൂപ) അനധികൃതമായി പിൻവലിച്ചതായി കണ്ടെത്തിയിട്ടുണ്ട്. വിശദമായ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായാലേ ഇതിന്റെ യഥാർത്ഥ കണക്ക് അറിയാൻ കഴിയുകയുള്ളൂ.

(സി) കൊടുങ്ങല്ലൂർ സബ് ട്രഷറിയിലെ പണാപഹരണവുമായി ബന്ധപ്പെട്ട് എട്ട് ജീവനക്കാരെ സസ്പെന്റ് ചെയ്യുകയുണ്ടായി. ഇതിൽ ഒരാൾ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയുണ്ടായി. മറ്റ് ഏഴ് പേരും ഇപ്പോൾ സസ്പെൻഷനിലാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.